## റേഡിയോ ടാക്സി നടത്തിപ്പ് കമ്പനിയും ടാക്സി ഡ്രൈവറും തമ്മിൽ തൊഴിലുടമ – തൊഴിലാളി ബന്ധമില്ല: നഷ്ടപരിഹാരം നല്കണമെന്ന ഉത്തരവ് റദ്ദാക്കി

### ഡൽഹി ഹൈക്കോടതി

W.P. (C) No. 1511/2019 Dt. 13.2.2020

ഒറിക്സ് ഓട്ടോ ഇൻഫ്രാസ്ട്രക്ചർ സർവീസസ് ലിമിറ്റഡ്
X
വിക്രം ചൗധരി

റേഡിയോ ടാക്സി സേവനം നല്കുന്ന കമ്പനിയാണ് ഒറിക്സ്. കമ്പനിയുടെ ഉടമസ്ഥതയിലുള്ള വാഹനം ടാക്സിയായി ഓടിക്കുന്നതിന് താൽപര്യമുള്ള ഡ്രൈവർമാരെ ബിസിനസ് സഹകാരിയാക്കിയാണ് കമ്പനി സേവനം നല്കുന്നത്. ബിസിനസ് സഹകാരിക്ക് കാർ കൈവശം കൊടുക്കുന്ന കമ്പനി ഓരോ മാസത്തിന്റെയും ആരംഭത്തിൽ അയ്യായിരം രൂപ മുൻകൂറായി നല്കും. കാറിന്റെ പരിപാലനം, ഇന്ധനം വാങ്ങൽ, നിയമലംഘനത്തിന് പിഴ അടയ്ക്കൽ, പാർക്കിങ് ഫീയും മറ്റു പ്രാദേശിക നികുതികളും നല്കൽ എന്നീ ചെലവുകൾ ബിസിനസ് പങ്കാളി വഹിക്കണമെന്നാണ് കരാറിലെ വ്യവസ്ഥ. കൂടാതെ മാസത്തിൽ 26 ദിവസം ദിനംപ്രതി 12 മണിക്കൂർ കാർ ഓടിക്കാൻ ബിസിനസ് പങ്കാളിയോ അയാൾ നിയോഗിക്കുന്ന വേറെ ഡ്രൈവറോ തയ്യാറായിരിക്കണം. മൊത്തം വരുമാനത്തിന്റെ 60% കമ്പനിക്കും 40% ബിസിനസ് പങ്കാളിക്കുമാണ് നല്കേണ്ടത്. ഓരോ മാസവും മുൻകൂറായി നല്കുന്ന തുക ബിസിനസ് പങ്കാളിയുടെ ഓഹരിയായ 40% തുകയിൽ നിന്ന് കമ്പനി തിരിച്ചെടുക്കും. ഈ വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിച്ചു കൊണ്ടിരുന്ന ഒരു കൂട്ടം ഡ്രൈവർമാരുടെ കരാർ കമ്പനി പുതുക്കി നല്കിയില്ല. ഇതു സംബന്ധിച്ച് തൊഴിലാളികൾ ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. തങ്ങളെ കമ്പനി നിയമവിരുദ്ധമായി പിരിച്ചുവിട്ടുവെന്നാണ് തൊഴിലാളികൾ പരാതിപ്പെട്ടത്. ഓരോ മാസവും ആരംഭത്തിൽ അയ്യായിരം രൂപ പ്രതിഫലത്തിൽ പ്രവർത്തിക്കുന്ന ഡ്രൈവർമാർ കമ്പനിയിലെ കരാർ തൊഴിലാളികളാണെന്നും അവരുടെ സേവനം അവസാനിപ്പിച്ചത് നിയമവിരുദ്ധമാണെന്നും പ്രഖ്യാപിച്ച ലേബർ കോടതി ഡ്രൈവർമാർക്ക് നഷ്ടപരിഹാരം നല്കണമെന്ന് വിധിച്ചു. ഇതിനെതിരെ കമ്പനി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. കമ്പനിയും ഡ്രൈവർമാരും ബിസിനസ് പങ്കാളികളാണെന്ന് മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. ഇരു കൂട്ടരും തമ്മിൽ തൊഴിൽ ബന്ധമില്ലെന്നും ഇരുകൂട്ടരും പ്രധാന തൊഴിലുടമകളാണെന്നും ഡ്രൈവർമാർ ബിസിനസ് സഹകാരികളാണെന്നും ഇക്കാര്യങ്ങൾ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും കമ്പനി വാദിച്ചു. കാറിന്റെ ഉടമസ്ഥൻ കമ്പനിയും ഡ്രൈവർ തൊഴിലാളിയുമാണെന്നും വേതനമായി പ്രതിമാസം അയ്യായിരം രൂപ കമ്പനി നല്കിയിരുന്നുവെന്നും നിയമവിരുദ്ധമായി തങ്ങളെ പിരിച്ചുവിട്ടതാണെന്നും തൊഴിലാളികൾ വാദിച്ചു. കരാറിലെ വ്യവസ്ഥകളനുസരിച്ച് ഡ്രൈവർമാർ ബിസിനസ് സഹകാരികൾ മാത്രമാണെന്നും തൊഴിലാളികളല്ലെന്നും ഹൈക്കോടതി വിലയിരുത്തി. കാറിന് ആവശ്യമായ ഇന്ധനം വാങ്ങുന്നതും പരിപാലനച്ചെലവ് വഹിക്കുന്നതുമായ ഡ്രൈവർ കാറുടമയുടെ തൊഴിലാളിയല്ലെന്ന് പകൽപോലെ വ്യക്തമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ലേബർ കോടതിയുടെ വിധി റദ്ദാക്കിയ ഹൈക്കോടതി മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിച്ചു.